(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇല്ലാത്തപക്ഷം ആയതിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) ഇല്ല.

പാലക്കാട് ജില്ലയിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രം

167 (4230) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ആയതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

ഊർജ്ജ സംരക്ഷണ സേനയുടെ പ്രവർത്തനം

168 (4231) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ ഏലൂർ ഗ്രാമപഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് രൂപീകരിച്ച ഊർജ്ജ സംരക്ഷണ സേനയുടെ പ്രവർത്തനംകൊണ്ട് ഒരു വർഷം ഏകദേശം എത്ര വൈദ്യുതി ഊർജ്ജം ലാഭിക്കുവാൻ സാധിച്ചുവെന്ന് വൈദ്യുതി ബോർഡ് കണക്കാക്കിയിട്ടുണ്ടോ ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ആഗോള താപനത്തിനും കാർബൺ വികിരണത്തിനുമെതിരായി കാര്യക്ഷമമായ വൈദ്യുതി ഉപയോഗത്തിലൂടെ ഏലൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഈ പദ്ധതി മാതൃകയാക്കി മറ്റ് പഞ്ചായത്തുകളിലും ഊർജ്ജ സംരക്ഷണ പദ്ധതി നടപ്പിലാക്കുവാൻ തയ്യാറാകുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി പ്രവർത്തിച്ച കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പഞ്ചായത്ത് കമ്മിറ്റി എന്നിവരെ അഭിനന്ദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃത്യമായ കണക്ക് എടുത്തിട്ടില്ല. കുറെ ഉപഭോക്താക്കളുടെ മീറ്റർ റിഡിംഗ് പരിശോധിച്ചതിൽ വീടൊന്നിന് ഏകദേശം ഒരു മാസം 10 യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്. ഏലൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന ഊർജ്ജ സംരക്ഷണ പരിപാടിയിൽ വൈദ്യുതി ബോർഡിൽ നിന്ന് ഏലൂർ സെക്ഷൻ ഓഫീസ് ഉദ്യോഗസ്ഥർ വേണ്ട സഹായസഹകരണങ്ങൾ നൽകിയിരുന്നു. ഈ പരിപാടിയിൽ വിദ്യാർത്ഥികളെ സർവേ നടത്തുവാനുള്ള ദൗത്യം ഏൽപ്പിച്ചിരുന്നു. അപ്രകാരം 1800 വീടുകളിൽ സർവേ നടത്തുകയുണ്ടായി. അതിനായി മീറ്റർ റീഡിംഗ് രേഖപ്പെടുത്തുന്നതിനുള്ള ചാർട്ടുകൾ നൽകുകയും, വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതിയുടെ അളവ് ഉപഭോക്താക്കളെ മനസ്സിലാക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ 1800 വീടുകളിലും ഒരു സി.എഫ്.എൽ. വീതം വിതരണം ചെയ്യുകയുണ്ടായി. പിന്നീട് ചാർട്ടുകൾ പരിശോധിച്ചപ്പോൾ ഉപഭോക്താക്കൾ പ്രസ്തുത കാലയളവിൽ ഉപയോഗം കുറയ്ക്കുന്നതിന് ശ്രമിച്ചിരുന്നതായി കണ്ടു.

(ബി) ഊർജ്ജ സംരക്ഷണത്തിനായി ബോർഡ് 10 ലക്ഷം സി.എഫ്. എല്ലുകൾ ബി.പി.എൽ., പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നു. കൂടാതെ 1.5 കോടി സി.എഫ്.എല്ലുകൾ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും (2 എണ്ണം വീതം) വിതരണം ചെയ്യുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ സംരക്ഷണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള സർക്കാർ ഏർപ്പെടുത്തിയ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏലൂർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

കരാറടിസ്ഥാനത്തിൽ ജോലികൾ ചെയ്യിക്കുന്നതിനുള്ള മാനദണ്ഡം

169 (4232) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ ഭരണച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കരാറടിസ്ഥാനത്തിൽ ജോലികൾ ചെയ്യിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് എന്ന് വിശദമാക്കുമോ ;